പിണക്കം

■ **കാപ്പിൽ ഗോപിനാഥൻ**

അച്ഛനുമമ്മയും ഒട്ടുനാളായ്
മിണ്ടാട്ടമില്ല പിണക്കമാണ്
കാര്യമതെന്തെന്ന് ചോദിച്ചാലോ
കാരണമൊട്ടില്ല രണ്ടുപേർക്കും
അച്ഛനെ കാണുന്ന നേരമമ്മ
അടുക്കള തന്നിലൊളിച്ചു നിൽക്കും
ഉണ്ണാനുടുക്കാനൊരുക്കി വെക്കും
ഒന്നിച്ചുറങ്ങില്ല വാശി തന്നെ
കുട്ടനുറങ്ങുന്നു അച്ഛനൊപ്പം
അമ്മയ്ക്കു കൂട്ടായി കുഞ്ഞാറ്റയും
നാളുകൾ നീളുന്നു എണ്ണമില്ല
ദീനരായ് കേഴുന്നു കുട്ടികളും
അച്ഛനുമമ്മയും വേർപിരിഞ്ഞാൽ
ഓർക്കുമ്പോൾ ഉള്ളകം പൊള്ളിടുന്നു
അച്ഛനപകടം സ്കൂട്ടർ തെന്നി
ചോര പൊടിയുന്നു നെറ്റിയിങ്കൽ
ഓടിയടുക്കുന്നു അമ്മ പിന്നെ
കെട്ടിപ്പിടിക്കുന്നു ചുംബിക്കുന്നു
അക്കാഴ്ച കണ്ടവർ സന്തോഷമായ്
അമ്മയുമച്ഛനും ഒന്നായല്ലോ..